# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കിളിമാനൂർ ഗ്രാമപഞ്ചായത്ത് -പോങ്ങനാട് മാർക്കറ്റിന്റെ ഒരു ഭാഗം പോങ്ങനാട് ഗവ. യു.പി. സ്കൂളിന് വിട്ടുകൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.2871/13/തസ്വഭവ          തിരുവനന്തപുരം, തീയതി: 23.11.2013.

==========================================================

പരാമർശം:-1) പഞ്ചായത്ത് ഡയറക്ടറുടെ 29.08.2013-ലെ സി2-19191/13 നമ്പർ കത്ത്.

2) കിളിമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.05.2013-ലെ എ 3.4748/2013 നമ്പർ കത്ത്.

3) കിളിമാനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.03.2013-ലെ യോഗത്തിന്റെ 6(2) നമ്പർ തീരുമാനവും 19.07.2013-ലെ യോഗത്തിന്റെ 1 (8) നമ്പർ തീരുമാനവും.

## ഉത്തരവ്

ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തപ്പെട്ട പോങ്ങനാട് ഗവ. യു.പി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനായി കിളിമാനൂർ വില്ലേജിൽ സർവ്വേ നമ്പർ 156/16-ൽ ഉൾപ്പെട്ട പോങ്ങനാട് മാർക്കറ്റ് പ്രവർത്തിക്കുന്ന 28.55 ആർ സ്ഥലത്തിൽ നിന്നും 15.83 ആർ സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 3 (മൂന്ന്) പ്രകാരം കിളിമാനൂർ ഗ്രാമപഞ്ചായത്ത് സർക്കാരിനോട് അപേക്ഷിച്ചിരുന്നു. കെട്ടിട നിർമ്മാണത്തിനായി കൈമാറുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 (ഒന്ന്) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കൈമാറുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട്, കിളിമാനൂർ വില്ലേജിലെ സർവ്വേ നമ്പർ 156/16-ൽ ഉൾപ്പെട്ട പോങ്ങനാട് മാർക്കറ്റിന്റെ 28.55 ആർ സ്ഥലത്തിൽ നിന്നും 15.83 ആർ സ്ഥലം സ്കൂൾ കെട്ടിട നിർമ്മാണത്തിനായി പോങ്ങനാട് ഗവ. യു.പി. സ്കൂളിന് വിട്ടുനൽകുന്നതിന് കിളിമാനൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വത്സല**

ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കിളിമാനൂർ ഗ്രാമപഞ്ചായത്ത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

(. . . .2)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
ഹെഡ്മാസ്റ്റർ, പോങ്ങനാട് ഗവ. യു.പി. സ്കൂൾ.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ